REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 10-05-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **കേരള മുഖ്യമന്ത്രിയെ സംബന്ധിച്ച അന്തിമ തീരുമാനം പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും, രാഹുൽഗാന്ധിയും ചേർന്ന് എടുക്കുമെന്ന് പാർട്ടി ഹൈക്കമാൻഡ്.**
- **തമിഴ്നാട് മുഖ്യമന്ത്രിയായി തമിഴക വെട്രി കഴകം നേതാവ് C.ജോസഫ് വിജയ്, രാവിലെ സത്യപ്രതിജ്ഞ ചെയ്യും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി, ഇന്ന് കർണാടകയും തെലങ്കാനയും സന്ദർശിക്കും**
- **സംസ്ഥാനത്ത് ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**
- **ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് കൊച്ചിയിൽ മൊഹമ്മദൻസ് SC യെ നേരിടും.**

## വാർത്തകൾ വിശദമായി

കേരള മുഖ്യമന്ത്രിയെ സംബന്ധിച്ച അന്തിമ തീരുമാനം പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും, രാഹുൽഗാന്ധിയും ചേർന്ന് എടുക്കുമെന്ന് പാർട്ടി ഹൈക്കമാൻഡ് അറിയിച്ചു. വൈകാതെ മുഖ്യമന്തിയുടെ പേര് പ്രഖ്യാപിക്കുമെന്നും പാർട്ടി നേതൃത്വം വെളിപ്പെടുത്തി.

കൂടുതൽ വിവരങ്ങൾ

......( വോയ്സ്)....

ഇന്നലെ ന്യൂഡൽഹിയിൽ മല്ലികാർജ്ജുൻ ഖാർഗെയുമായും മറ്റ് നേതാക്കളുമായും കേരളത്തിലെ നേതാക്കൾ ചർച്ച നടത്തി. പ്രതിപക്ഷ നേതാവ് VD സതീശൻ, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ, KPCC പ്രസിഡണ്ട് സണ്ണി ജോസഫ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

മുഖ്യമന്ത്രി പദവിയ്ക്കു വേണ്ടി ശക്തിപ്രകടനവും, ഫ്ലക്സുകളും, പോസ്റ്ററുകളും, നേതാക്കൾ ഉപയോഗിക്കരുതെന്ന് നേതൃത്വം ആവശ്യപ്പെട്ടു. ഇതേ തുടർന്ന് മൂന്ന് നേതാക്കളും ഇത്തരം പ്രചാരണങ്ങൾ നടത്തരുതെന്ന് അണികളോട് അഭ്യർത്ഥിച്ചു. ചർച്ചയ്ക്കു ശേഷം പ്രതിപക്ഷ നേതാവ് പുലർച്ചെയോടെ നെടുമ്പാശ്ശേരിയിലെത്തി.

✪✪✪

അനിശ്ചിതത്വങ്ങൾക്കൊടുവിൽ തമിഴ്നാട് മുഖ്യമന്ത്രിയായി തമിഴക വെട്രി കഴകം നേതാവ് C ജോസഫ് വിജയ് രാവിലെ സത്യപ്രതിജ്ഞ ചെയ്യും. ചെന്നൈ നെഹ്റു സ്റ്റേഡിയത്തിൽ രാവിലെ പത്തിനാണ് പ്രതിജ്ഞാചടങ്ങ്. ഒൻപത് TVK മന്ത്രിമാരും വിജയ്ക്കൊപ്പം സ്ഥാനമേൽക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

234 അംഗ നിയമസഭയിൽ 120 MLA മാരുടെ പിന്തുണ ഉറപ്പാക്കുന്ന കത്തുകൾ ലോക്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്കു മുന്നിൽ സമർപ്പിച്ചതോടെയാണ് വിജയ്- നെ മുഖ്യമന്ത്രിയായി അദ്ദേഹം നിയമിച്ചത്. VCK, IUML പാർട്ടികളുടെ രണ്ട് വീതം അംഗങ്ങളുടെ പിന്തുണ ലഭിച്ചതോടെയാണ് TVK യ്ക്ക് ഭൂരിപക്ഷം ഉറപ്പാക്കാനായത്. കോൺഗ്രസ്, CPI, CPIM കക്ഷികളും അദ്ദേഹത്തെ പിന്തുണച്ചു. അടുത്ത ബുധനാഴ്ചക്കകം നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കാനും ഗവർണർ നിർദ്ദേശം നൽകി.

വിജയ് മുഖ്യമന്ത്രിയായി സ്ഥാനമേൽക്കുന്നതോടെ ആറ് പതിറ്റാണ്ടോളം നീണ്ട ദ്രാവിഡ കഴകം പാർട്ടികളുടെ ഭരണം ചരിത്രത്തിന് വഴിമാറും. ഇതിനു മുമ്പ് അണ്ണാ DMK യും, DMK യുമാണ് തമിഴ്നാട് മാറി മാറി ഭരിച്ചത്.

✪✪✪

പുതുച്ചേരി മുഖ്യമന്ത്രിയായി N രംഗസാമിയെ രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. രംഗസാമി അടുത്ത ബുധനാഴ്ച മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. രാഷ്ട്രപതിയുടെ വിജ്ഞാപനത്തെ തുടർന്ന് ലെഫ്റ്റനന്റ് ഗവർണർ K

കൈലാസ്നാഥൻ, രംഗസാമിയെ ഗവൺമെന്റ് രൂപീകരണത്തിന് ക്ഷണിച്ചു. അഞ്ചാം തവണയാണ് AINRC നേതൃത്വം നൽകുന്ന NDA പുതുച്ചേരിയിൽ ഭരണത്തിലെത്തുന്നത്.

✪✪✪

പശ്ചിമബംഗാളിൽ പ്രതിപക്ഷ നേതാവായി ബാലിഗഞ്ച് MLA ശോഭൻ ദേവ് ചതോപാധ്യായയെ തൃണമൂൽ കോൺഗ്രസ് നിയമിച്ചു. അസിമ പത്ര, നയന ബന്ദ്യോപാധ്യായ എന്നിവരെ പ്രതിപക്ഷ ഉപനേതാക്കളായും നിയമിച്ചിട്ടുണ്ട്. കൊൽക്കത്ത മുൻസിപ്പൽ കോർപറേഷൻ മേയർ കൂടിയായ ഫിർഹാദ് ഹക്കിം ആണ് ചീഫ് വിപ്പ്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കർണാടകയും തെലങ്കാനയും സന്ദർശിക്കും. രാവിലെ കർണാടകയിലെത്തുന്ന അദ്ദേഹം ബെംഗളൂരുവിൽ ആർട്ട് ഓഫ് ലിവിങ്ങിന്റെ 45-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കും. കൂടാതെ ആർട്ട് ഓഫ് ലിവിംഗ് ഇന്റർനാഷണൽ സെന്ററിൽ പുതുതായി നിർമ്മിച്ച ധ്യാൻമന്ദിറും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

തുടർന്ന് ഹൈദരാബാദിലേക്ക് പോകുന്ന പ്രധാനമന്ത്രി ഉച്ചകഴിഞ്ഞ് ഹൈദരാബാദിൽ 9,400 കോടിയോളം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടും. വാറങ്കലിൽ PM മിത്ര പാർക്ക് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. രാത്രി നരേന്ദ്രമോദി ഗുജറാത്തിലേക്ക് തിരിക്കും.

✪✪✪

NDA ഗവൺമെന്റ് 11 വർഷം മുമ്പ് തുടക്കമിട്ട സാമൂഹ്യ സുരക്ഷാ -പെൻഷൻ പദ്ധതികളുടെ ഫലപ്രാപ്തിയെപ്പറ്റി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. PM ജീവൻ ജ്യോതി ബീമാ യോജന, PM സുരക്ഷാ ബീമാ യോജന, അടൽ പെൻഷൻ യോജന എന്നിവ ജനങ്ങളുടെ സാമ്പത്തിക സുരക്ഷയും അന്തസ്സും ഉയർത്തിപ്പിടിക്കാൻ പര്യാപ്തമായെന്ന് അദ്ദേഹം വിലയിരുത്തി. PM ബീമായോജനകൾ രാജ്യത്തിന്റെ സാമൂഹിക സുരക്ഷാ ചട്ടക്കൂടിനെ ഏറെ ബലപ്പെടുത്തി. അടൽ പെൻഷൻ യോജന വാർദ്ധക്യ കാലത്ത് സുരക്ഷിത ജീവിതം ഉറപ്പാക്കാൻ സാധ്യമാക്കിയെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇക്കാര്യങ്ങളിലെ ഗവൺമെന്റിന്റെ പ്രതിബദ്ധതയ്ക്ക് തെളിവാണ് പദ്ധതികളെന്നും നരേന്ദ്രമോദി കുറിച്ചു. അടൽ പെൻഷൻ യോജനയിലെ ഉയരുന്ന സ്ത്രീപങ്കാളിത്തം നാരീശക്തിയുടെ സംഭാവനകൾക്ക് നൽകുന്ന അംഗീകാരമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യയുടെ അഡ്വാൻസ്ഡ് അഗ്നിമിസൈലിന്റെ പറക്കൽ പരീക്ഷണം ഇന്നലെ ഒഡീഷയിലെ ഡോ APJ അബ്ദുൾ കലാം ദ്വീപിൽ വിജയകരമായിപരീക്ഷിച്ചു. ഒരേസമയം ഒന്നിലേറെ ലക്ഷ്യങ്ങളിലേക്ക് മിസൈൽ തൊടുക്കാനാവും.

മിസൈലിന്റെ വിജയകരമായ പറക്കൽ പരീക്ഷണത്തിൽ DRDO യെയും ഇന്ത്യൻ സൈന്യത്തെയും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സാമൂഹിക മാധ്യമ കുറിപ്പിൽ അഭിനന്ദിച്ചു.

✪✪✪

ഇന്ത്യൻ തീരരക്ഷാ സേനയുടെ പുതുതലമുറ അദമ്യക്ലാസ് പട്രോൾ കപ്പൽ ICGS അചൽ ഇന്നലെ ഗോവ ഷിപ്പ്യാർഡ് ലിമിറ്റഡിൽ കമ്മീഷൻ ചെയ്തു. രാജ്യരക്ഷാ മന്ത്രാലയ അഡീഷണൽ സെക്രട്ടറി A അൻപരശു ആണ് കപ്പൽ ഔദ്യോഗികമായി കമ്മീഷൻ ചെയ്തത്.

✪✪✪

കേന്ദ്ര മന്ത്രാലയങ്ങളിലെയും, വകുപ്പുകളിലെയും സ്വയംഭരണ - പൊതുമേഖലാ സംരംഭങ്ങൾ എന്നിവിടങ്ങളിലെയും കരാർ തൊഴിലാളികളുടെ സംരക്ഷണം ശക്തിപ്പെടുത്താൻ കേന്ദ്രം തീരുമാനിച്ചു. യഥാസമയം വേതനം വിതരണം ചെയ്യാനും, സാമൂഹിക സുരക്ഷാ വിഹിതം കൃത്യമായി അടയ്ക്കാനും, തൊഴിൽ നിയമ ലംഘനങ്ങൾ തടയാനും ലക്ഷ്യമിട്ടാണ് നടപടി.

✪✪✪

ഉക്രെയ്നിലെ സംഘർഷം അവസാനിക്കാൻ പോകുകയാണെന്ന് വിശ്വസിക്കുന്നതായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പറഞ്ഞു. പശ്ചിമേഷ്യയിലെ സംഘർഷങ്ങളും ഉടൻ പരിഹരിക്കപ്പെടുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. സംഘർഷം കൂടുതൽ വഷളായാൽ എല്ലാവരും കഷ്ടപ്പെടുമെന്ന് പുടിൻ മുന്നറിയിപ്പ് നൽകി.

✪✪✪

ഹോർമുസ് കടലിടുക്കിലെ കപ്പൽ ഗതാഗതം സംരക്ഷിക്കുന്നതിന് HMS ഡ്രാഗൺ വിന്യസിച്ചതായി ബ്രിട്ടൻ അറിയിച്ചു. സാഹചര്യങ്ങൾ അനുവദിക്കുമ്പോൾ കടലിടുക്ക് സുരക്ഷിതമാക്കാൻ ലക്ഷ്യമിടുന്ന ബഹുരാഷ്ട്ര സഖ്യത്തിൽ പങ്കെടുക്കാൻ UK തയ്യാറാണെന്ന് ഉറപ്പാക്കാനാണ് നടപടിയെന്ന് ബ്രിട്ടൻ പ്രതിരോധ മന്ത്രാലയ വക്താവ് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് അടുത്ത ബുധനാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് തിരുവനന്തപുരം മുതൽ ഇടുക്കി വരെ ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള ലക്ഷദ്വീപ് തീരങ്ങളിൽ അടുത്ത നാലു ദിവസം മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്തെ പ്രവാസി വകുപ്പിന്റെ പ്രവർത്തനം വിപുലീകരിച്ച് വകുപ്പിന് മാത്രമായി മന്ത്രിയെ നിയമിക്കണണെന്ന് ഇൻഡോ അറബ് കോൺഫെഡറഷൻ കൗൺസിൽ ആവശ്യപ്പെട്ടു. UDF നേതൃത്വം ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രവാസി വകുപ്പിന്റെ പ്രസക്തി മനസ്സിലാക്കി പ്രവർത്തിക്കണമെന്നും കൗൺസിൽ ആവശ്യമുന്നയിച്ചു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് മൊഹമ്മദൻസ് SC യെ നേരിടും. വൈകിട്ട് 5 ന് കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

മറ്റൊരു മത്സരത്തിൽ ചെന്നൈയിൻ FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. വൈകിട്ട് ഏഴരക്ക് ഗോഹട്ടിയിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസിനെ ജയ്പൂരിൽ 76 റൺസിന് തോൽപ്പിച്ചു. ഇന്ന് വൈകിട്ട് മൂന്നരയ്ക്ക് ചെന്നൈ സൂപ്പർകിംഗ്സ്, ലക്നൗ സൂപ്പർ ജയന്റ്സിനെ ചെന്നൈയിൽ നേരിടും.

മറ്റൊരു മത്സരത്തിൽ വൈകിട്ട് ഏഴരയ്ക്ക് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും, മുംബൈ ഇന്ത്യൻസും റായ്പൂരിൽ ഏറ്റുമുട്ടും.

✪✪✪

കേരളാ പ്രീമിയർ ലീഗ് ഫുട്ബോൾ സൂപ്പർ എട്ട് മത്സരത്തിൽ കാലിക്കറ്റ് FC , KSEB യെ പരാജയപ്പെടുത്തി. തൃശൂരിൽ ഒന്നിനെതിരെ രണ്ട് ഗോളിനാണ് കാലിക്കറ്റിന്റെ വിജയം. ഇതോടെ കലിക്കറ്റ് പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി.

✪✪✪

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരളാ FC, കർണാടകയുടെ കിക്ക് സ്റ്റാർട്ട് FC യോട് ഒരു ഗോളിന് തോറ്റു. 13 പോയിന്റുമായി ഗോകുലം അഞ്ചാം സ്ഥാനത്ത് തന്നെ തുടരുകയാണ്.

✪✪✪

കണ്ണൂർ മട്ടന്നൂർ നഗരസഭ ഉരുവച്ചാൽ വാർഡ് കൗൺസിലറും CPIM നേതാവുമായ KK അഭിമന്യു നിര്യാതനായി. 64 വയസ്സായിരുന്നു. റിട്ടയേർഡ് BSNL ജീവന ക്കാരനാണ്. സംസ്കാരം ഉച്ചകഴിഞ്ഞ് പൊറോറ ശ്മശാനത്തിൽ നടത്തും.

✪✪✪

കോഴിക്കോട്ടെ പ്രമുഖ ശിശുരോഗ വിദ്ഗ്ദ്ധൻ ഡോ. C.M അബൂബക്കർ നിര്യാതനായി. 81 വയസ്സായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് ശിശുരോഗ വിഭാഗം മുൻമേധാവിയായിരുന്നു. ഖബറക്കം രാവിലെ കണ്ണംപറമ്പ് പള്ളി ഖബർസ്ഥാനിൽ നടത്തും.

✪✪✪

അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രത്തിൽ 501 കലാകാരൻമാരുടെ പഞ്ചരത്ന കീർത്തനാലാപന സംഗമം സംഘടിപ്പിച്ചു. ആലാപന സദസ്സ് കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: രജിന കെ ആസാദ്*
*DEO: ഷീബ*